**നോർക്ക പ്രവാസി ഭദ്രത പദ്ധതികൾ**
**മഹാമാരി മറികടക്കാൻ പ്രവാസിക്ക് ഭദ്രമായ അടിത്തറ**

കോവിഡ്-19 പശ്ചാത്തലത്തിൽ തൊഴിൽരഹിതരായവരും നാട്ടിലെത്തിയ ശേഷം മടങ്ങിപ്പോകാൻ കഴിയാത്തവരുമായ മലയാളികൾക്കായി നോർക്ക ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര തൊഴിൽ സംരംഭകത്വ പദ്ധതിയാണ് പ്രവാസി ഭദ്രത. കോവിഡ് മഹാമാരിമൂലം 15 ലക്ഷത്തോളം പ്രവാസികളാണ് മടങ്ങിയെത്തിയിട്ടുള്ളത്. ഇവരുടെ പുനരധിവാസം സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. അവരിൽ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവാസി ഭദ്രത പേൾ, പ്രവസി ഭദ്രത മെഗാ എന്നീ രണ്ട് ഉപപദ്ധതികളാണ് പ്രവാസി ഭദ്രതപദ്ധതിക്കു കീഴിൽ പ്രാവർത്തികമായിരിക്കുന്നത്.

**പ്രവാസിഭദ്രത പേൾ**
അവിദഗ്ദ്ധ മേഖലയിൽ നിന്നുള്ള സൂക്ഷ്മ-ചെറുകിട സംരംഭകർക്കായി കുടുംബശ്രീയുമായി ചേർന്നുള്ള പദ്ധതിയാണ്   പ്രവാസി ഭദ്രത- പേൾ.

പ്രവാസികൾക്ക്/ കുടുംബാംഗങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷനുകൾ വഴി രണ്ടു ലക്ഷം രൂപ വരെ പലിശരഹിതവായ്പയും സംരംഭകത്വ പിന്തുണയും ഈ പദ്ധതിയിലൂടെ നൽകുന്നു.
റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത സംരംഭങ്ങൾക്കു നൽകുന്ന ഈ വായ്പയുടെ തിരച്ചടവ് കാലയളവ് രണ്ടു വർഷമാണ്.
30 കോടി രൂപ ഇതിനായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്.
വായ്പാ തിരിച്ചടവായി ലഭിക്കുന്ന തുക മറ്റു ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനൊപ്പം സംരംഭങ്ങളുടെ തുടർ വ്യാപനത്തിനും വിപുലീകരണത്തിനും പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.
കുടുംബശ്രീ മിഷൻ വഴി വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗം നോർക്ക വകുപ്പുതല കമ്മിറ്റി അവലോകനം ചെയ്യുന്നതുമാണ്.
പ്രവാസി ഭദ്രതാ പേൾ പദ്ധതിക്കായി ബന്ധപ്പെടേണ്ട കുടുംബശ്രീ ജില്ലാ മിഷൻ ഫോൺ നമ്പരുകൾ.
തിരുവനന്തപുരം -04712447552
കൊല്ലം    -04742794692
പത്തനംതിട്ട-04682221807
ആലപ്പുഴ -04812302049
കോട്ടയം -04772254104
ഇടുക്കി -04862232223
എറണാകുളം-04842426982
തൃശൂർ -04872362517
പാലക്കാട് -04912505627

മലപ്പുറം -04832733470
കോഴിക്കോട് -04952373066
വയനാട് -04972702080
കണ്ണൂർ -04936206589
കാസർഗോഡ് -04994256111

**പ്രവാസി ഭദ്രത-മെഗാ**

കെ.എസ്.ഐ.ഡി.സി വഴി 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ് ഈ പദ്ധതിയിൽ വായ്പ അനുവദിക്കുന്നത്.
ആദ്യത്തെ നാലു വർഷം അഞ്ചു ശതമാനം മാത്രം പലിശ നിരക്കിലാണ വായ്പ നൽകുക.
ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള പലിശസബ്സിഡി ത്രൈമാസക്കാലയളവിൽ നോർക്ക റൂട്സ് വഴി വിതരണം ചെയ്യുന്നതാണ്.
പ്രവാസി ഭദ്രതാ മെഗാ പദ്ധതിയുടെ വിശദാംശങ്ങൾക്ക് 9400795951, 9895996780 എന്നീ മൊബൈൽ നമ്പുകളിലോ jacksonjose@ksidcmail.org, sinithoppil@ksidcmail.org എന്നീ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.